**ശുചിത്വമിഷൻ**
**തദ്ദേശസ്വയംഭരണവകുപ്പ്**
**കേരളസർക്കാർ**

**നം. 2639/ഇ1/2019/എസ്.എം** **തീയതി : 16.10.2019**

# ക്വട്ടേഷൻ നോട്ടീസ്

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ മാജിക് ഷോ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 140 സർക്കാർ സ്കൂളുകളിൽ അവതരിപ്പിക്കുന്നതിന് ശുചിത്വമിഷൻ പദ്ധതിയിടുന്നു. ആയതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ കളക്ടേഴ്സ്@സ്കൂൾ എന്ന പരിപാടിക്കായി തെരഞ്ഞെടുത്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ 3 സർക്കാർ സ്കൂളുകളിൽ മാജിക് ഷോ അവതരിപ്പിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു. ലൈറ്റ്, സൗണ്ട്, ജനറേറ്റർ, അനുബന്ധസൗകര്യങ്ങൾ എന്നിവയെല്ലാം സ്വന്തം നിലയിൽ എത്തിച്ച് 90 മിനിട്ട് ദൈർഘ്യമുള്ള ഒരു പരിപാടിയുടെ തുക രേഖപ്പെടുത്തിയ ക്വട്ടേഷനുകളാണ് സമർപ്പിക്കേണ്ടത്. പ്രസ്തുത പരിപാടി കുട്ടികളിൽ എത്രമാത്രം താല്പര്യമുണ്ടാക്കുന്നു എന്നും പരിപാടിയുടെ സ്വീകാര്യത, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രസ്തുത പരിപാടിയിലൂടെ കുട്ടികൾക്ക് ലഭിച്ച അറിവ്, കുട്ടികളിലെ ശൈലീമാറ്റത്തിനായി പരിപാടിയിലൂടെ ഉണ്ടാക്കാനായ ഗുണപരമായ സ്വാധീനം എന്നിവ വിലയിരുത്തലിന് ശേഷം മറ്റ് സ്കൂളുകളിലേയ്ക്കും പരിപാടി വ്യാപിപ്പിക്കുന്നതിനാണ് ശുചിത്വമിഷൻ ഉദ്ദേശിക്കുന്നത്.

***ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 2019 നവംബർ 1, 3 p.m***

***ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും : 2019 നവംബർ 1, 4 p.m***

ക്വട്ടേഷൻ ലഭ്യമായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക അംഗീകരിക്കുന്നതുമായിരിക്കും. ക്വട്ടേഷൻ നടപടി ക്രമങ്ങളിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ

ശുചിത്വമിഷൻ നോട്ടീസ് ബോർഡ്
നഗരകാര്യ ഡയറക്ടറേറ്റ് നോട്ടീസ് ബോർഡ്
കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ് നോട്ടീസ് ബോർഡ്
ബന്ധപ്പെട്ട സ്ഥാപനങ്ങൾ

---

SwarajBhavan, BasementFloor(-1), Nanthancode, Kowdiar P.O. Thiruvananthapuram- 695 003
Ph: 0471 – 2316730, 2319831, Fax : 0471 – 2312730, E-mail : sanitation.sm@kerala.gov.in